ലേഖനം നമ്പർ - 12

# വിശുദ്ധ കുർബ്ബാന – ലഘുവ്യാഖ്യാനം

## ഏവൻഗേലിയോൻ മുതൽ:

പഴയ നിയമവും, പ്രവചനങ്ങളും അപ്പോസ്തോലന്മാരുടെ ഉൽബോധനവചനങ്ങളും നാം കേട്ടുകഴിഞ്ഞു. ഇനിയും നാം കർത്താവിന്റെ തിരുവചനം കേൾക്കുവാനൊരുങ്ങുന്നു. വി. കുർബ്ബാനയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളിലൊന്നാണ് "ഏവൻഗേലിയോൻ" വായന. ശുശ്രൂഷകൻ ഏവൻഗേലിയോൻ മേശയിട്ട് മേശയിൽ ഇരുവശങ്ങളിലായി മെഴുകുതിരികൾ കത്തിച്ചുവയ്ക്കുന്നു. ഇവ അയയ്ക്കപ്പെട്ട അറിയിപ്പുക്കാരെ സൂചിപ്പിക്കുന്നു. പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുവാൻ വേണ്ടി പടിഞ്ഞാറോട്ട് തിരിയുന്നത് എപ്പോഴും ഇടത്തുവശത്തു കൂടിയായിരിക്കണം. ഇത് രണ്ടുകാരണങ്ങൾ കൊണ്ടാണ്, ഒന്ന് – വടക്കുവശത്തിനുള്ള പ്രത്യേകത. രണ്ടാമത് – ത്രോണോസിൽ നിന്നു നോക്കുമ്പോൾ യേശുക്രിസ്തുവിന്റെ സ്ഥാനം പിതാവിന്റെ വലത്തുവശത്താണല്ലോ. അതുകൊണ്ടാണ് വടക്കുവശത്തുകൂടി പടിഞ്ഞാറോട്ട് തിരിയുന്നത്. ഒരു രാജാവിനെ ആഘോഷമായി എഴുന്നെള്ളിക്കുന്നതു പോലെ പട്ടക്കാരനെ ഏവൻഗേലിയോൻ മേശയ്ക്കരികിലേക്ക് (പടിഞ്ഞാറോട്ട്) ആനയിക്കുന്നു. ഈ സമയം മണിനാദം കൊണ്ടും ഗീതാലാപം കൊണ്ടും പ്രാർത്ഥനകൾകൊണ്ടും അന്തരീക്ഷം മുഖരിതമാക്കുന്നു. ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുന്നു. മുഴുവൻ സമയവും ധുപക്കുറ്റി വീശിക്കൊണ്ടിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് ദൈവ വചനം പ്രാർത്ഥനാ മനോഭാവത്തോടുകൂടി ശ്രദ്ധിക്കേണ്ടതാണെന്നുള്ളതാണ്. സഭ സുവിശേഷത്തിന് മുഖ്യ പ്രധാന്യം കൊടുക്കുന്നതാണ് ഇതു കാണിക്കുന്നത്. ഏവൻഗേലിയോൻ പുസ്തകം പട്ടക്കാരൻ തന്റെ കൈകളിൽ ഉയർത്തിപ്പിടിച്ച് പടിഞ്ഞാറോട്ട് വരുമ്പോൾ കത്തിച്ചമെഴുകുതിരി കൈകളിൽ വഹിച്ചും, മണികൾ മുഴക്കിയും, മാലാഖമാരുടെ ചിറകടിയെ സൂചിപ്പിക്കുന്ന മർവഹ്സാ കിലുക്കിയും ശുശ്രൂഷകവൃന്ദം പട്ടക്കാരനെഅനുഗമിക്കുന്നു. തുടർന്ന് പട്ടക്കാരൻ ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമായ (എബ്രാ 4:12) തിരുവചനം ഏവൻഗേലിയോൻ മേശയിൽ നിന്ന് വായിക്കുന്നു.

ഏവൻഗേലിയോൻ മേശ യേശുക്രിസ്തുവിന്റെ സിംഹാസനമാണ്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സ്ഥാനം പിതാവിന്റെ വലത്തു ഭാഗത്തായതിനാൽ ഏവൻഗേലിയോൻ മേശ ത്രോണോസിന്റെ വലത്തുവശത്ത് (വടക്കുവശം) ഇടുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. പട്ടക്കാരന്റെ പടിഞ്ഞാറോട്ടുള്ള ഘോഷയാത്ര യേശുക്രിസ്തുവിന്റെ രൂപം ജനഹൃദയങ്ങളിൽ ആഴമായി പതിയുവാനാണ്. വായനക്കു തൊട്ടുമുൻപായി ശുശ്രൂഷകൻ അതുവരെ തന്റെ കയ്യിൽ വഹിച്ചിരുന്ന മെഴുകുതിരി കെടുത്തി മാറ്റി വയ്ക്കുന്നു. ഏവൻഗേലിയോൻ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ പ്രതീകമായതിനാലും , അതിനുശേഷം യേശുക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകനു പ്രസക്തിയില്ലാത്തതിനാലുമാണ് മെഴുകുതിരി കെടുത്തുന്നത്. പരസ്യശുശ്രൂഷയാരംഭിച്ചപ്പോൾ യോഹന്നാൻ സ്നാപകനെ ഓർമ്മപ്പെടുത്താൻ പട്ടക്കാരന്റെ മുൻപേ നടന്ന ശുശ്രൂഷക്കാരന്റെ കയ്യിലെ കത്തിച്ച മെഴുകുതിരിയാണ് ഇവിടെ അണയ്ക്കപ്പെട്ടത്. ഇത് യോഹന്നാൻ സ്നാപകന്റെ ദൗത്യം പൂർത്തിയാക്കിയതു സൂചിപ്പിക്കുന്നു.

കുർബ്ബാനയുടെ ഓരോ പ്രധാനഭാഗങ്ങളിലും വിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ശുശ്രൂഷകൻ ഉച്ചത്തിൽ ആഹ്വാനം നടത്തുന്നുണ്ട്. അതിൽ ആദ്യത്തേതായി ധൂപക്കുറ്റിയിൽ കുന്തിരിക്കം സ്വീകരിച്ചശേഷം നൽകുന്നു. "ബാറെക്മോർ, നാം അടക്കത്തോടും, ഭയത്തോടും, വണക്കത്തോടും ചെവികൊടുത്ത് ജീവനുള്ള അറിയിപ്പിനെ കേൾക്കണം. എത്രയും ഭക്തിയോടും ഭയത്തോടും ആദരവോടുംകൂടി ദൈവവചനം കേൾക്കണമെന്നാണ് ഈ ആഹ്വാനം. തുടർന്ന് പട്ടക്കാരൻ വിശ്വാസികൾക്ക് ആദ്യത്തെ സമാധാനം നൽകുന്നു. അതിനുശേഷം താൻ വായിക്കുന്നത് ലോകത്തിനു ജീവനും രക്ഷയും നൽകുന്ന ഏവൻഗേലിയോൻ ഇന്ന സുവിശേഷത്തിൽ നിന്ന് എന്ന് ജനത്തെ അറിയിക്കുന്നു. ഇതിന് പ്രതിവാക്യമായി "വന്നവനും വരുവാനിരിക്കുന്നവനും.... എന്നേക്കും ഉണ്ടായിരിക്കട്ടെ എന്ന് വിശ്വാസികൾ ചൊല്ലുന്നു. തുടർന്ന് പട്ടക്കാരൻ വിശുദ്ധ കന്യകമറിയാമിൽ നിന്ന് ശരീരിയായിത്തീർന്ന ദൈവവും.... മനുഷ്യാവതാരക്കാലത്ത് ഇപ്രകാരം സംഭവിച്ചു എന്ന് പ്രഖ്യാപിക്കുന്നു. വിശ്വാസികൾ അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു. എന്ന് പ്രതി വാക്യമായി ചൊല്ലുന്നു. അതിനുശേഷം ഓരോ ദിവസത്തിന്റെയും പ്രത്യേക വേദഭാഗം പട്ടക്കാരൻ സുവിശേഷത്തിൽ നിന്നു വായിക്കുന്നു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 ● ISSUE : 4 APRIL 2014

## എഡിറ്റോറിയൽ

# ഓടിരക്ഷപ്പെടുക

യുദ്ധമുന്നണിയിൽ യുദ്ധം നടക്കുമ്പോൾ നാം പലപ്പോഴും കേട്ടിട്ടുള്ള ഒരു പ്രയോഗമാണ് "ബുദ്ധിപൂർവ്വമായ പിന്മാറ്റം" എന്നത്. പലപ്പോഴും ശത്രുക്കളെ മനപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു അടവായിരിക്കും ഇത്. ശത്രു തോറ്റ് പിന്മാറിയെന്നു വിചാരിച്ച് അവർ സന്തോഷിക്കുമ്പോഴായിരിക്കും പൂർവ്വാധികം ശക്തിയോടെയുള്ള അടി കിട്ടുക. നമ്മുടെ ജീവിതത്തിൽ പലപ്പോഴും പല സ്ഥലത്തു നിന്നും നാം മനപ്പൂർവ്വം പിൻവാങ്ങി ഓടിരക്ഷപ്പെടേണ്ടതുണ്ട്. സദൃശവാക്യം 30:26 ൽ കുഴിമുയലിനെപ്പറ്റി പറയുന്നു. പലസ്തീൻ നാട്ടിൽ കണ്ടുവന്നിരുന്ന ഒരു ചെറുജീവിയാണ് കുഴിമുയൽ. അതിന്റെ വംശം നിലനിന്നിരുന്നത്, പാറയുടെ വിള്ളലുകളിലുള്ള ജീവിതം കൊണ്ടും, ഓടിരക്ഷപ്പെട്ട് ഈ വിള്ളലുകളിൽ അഭയം പ്രാപിക്കാനുള്ള കഴിവുകൊണ്ടുമായിരുന്നു. ആക്രമണത്തെ എതിർത്തു നിൽക്കാനുള്ള കഴിവില്ലാത്ത ജീവിയായതുകൊണ്ട് അതിന്റെ ഈ പിന്മാറ്റമാണ് അതിനെ രക്ഷിച്ചിരുന്നത് .

ഇതു വലിയ നോമ്പിന്റെ ദിവസങ്ങളാണല്ലോ. നമുക്ക് പാപവിമുക്തിക്കു വേണ്ടി അപേക്ഷിക്കുവാനുള്ള ഏറ്റവും നല്ല അവസരം. ജീവിത വിശുദ്ധിക്കായി ചെയ്യേണ്ടതെല്ലാം ഓർമ്മപ്പെടുത്തുന്ന സമയം. ഈ കുറച്ചു നാളത്തെ ശീലം ആണ്ടു മുഴുവൻ നമ്മുടെ രക്ഷയ്ക്കായി പരിശീലിക്കുവാൻ സാധിക്കണം. ഇതു സാധിച്ചാൽ മാത്രമെ വലിയ നോമ്പാചരണം നമ്മുടെ ക്രിസ്തീയ ജീവിതം മെച്ചപ്പെടുത്തുകയുള്ളു.

ക്രിസ്ത്യാനികളായ നമുക്ക് പലപ്പോഴും ക്രിസ്തീയ ആദർശപ്രകാരം ജീവിക്കുവാനുള്ള കഴിവും, ധൈര്യവും ഉണ്ടായിരിക്കയില്ല. അങ്ങിനെയുള്ളിടത്തു നിന്ന് പോരാട്ടത്തിനു പോകാതെ ഓടി രക്ഷപ്പെടുകയാണ് കരണീയം. മദ്യാസക്തിയുള്ളയാൾക്ക് മദ്യശാലയുടെ അടുത്തു കൂടി പോകാതെ വേറെ വഴിയിൽ കൂടി പോകാമല്ലോ. ഉറച്ച തീരുമാനങ്ങൾ എടുക്കുവാൻ കഴിവില്ലാത്തവർക്ക് ഏറ്റവും നല്ലത് അതിനുള്ള അവസരങ്ങൾ ഉണ്ടാക്കാതെയിരിക്കുന്നതാണ്. വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള ചില വാക്യങ്ങൾ ഇവ പ്രകടമാക്കുന്നവയാണ്. " അതു കൊണ്ട് പ്രിയന്മാരെ വിഗ്രഹാരാധന വിട്ടോടുവിൻ (1 കൊരി. 10:14)" . "നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു(ദ്രവ്യാഗ്രഹം) വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടരുക" (1 തിമൊ 6:11). "ദുർന്നടപ്പു വിട്ടോടുവിൻ" (1 കൊരി 6:18). "ദുഷ്ടന്മാരുടെ പാതയിൽ നീ ചെല്ലരുത്. ദുർജനത്തിന്റെ വഴിയിൽ നടക്കയുമരുത്. അതിനോട് അകന്നു നിൽക്ക. അതിൽ നടക്കരുത്. അതു വിട്ടുമാറി കടന്നു പോക"(സദൃ. 4:14,15).

പാപത്തോട് ഏറ്റുമുട്ടാതെ പാപത്തിൽ നിന്ന് ഒഴിഞ്ഞു മാറണമെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. ബൈബിൾ വ്യാഖ്യാനിയായ മാത്യു ഹെൻട്രി പാപത്തെ പകർച്ച വ്യാധിയോടുപമിക്കുന്നു. അദ്ദേഹം പറയുന്നത് ദൈവകൃപയുണ്ടെങ്കിൽ പോലും പാപമെന്ന പകർച്ച വ്യാധിയുള്ളവരോടു കൂട്ടുകൂടാതെ ഓടിയകലുകയെന്നാണ്. "ദുഷ്ടന്മാരുടെ പാതയിൽ നീ ചെല്ലരുത്. അതിനോട് അകന്നു നിൽക്ക, അതിൽ നടക്കരുത്. അതു വിട്ടുമാറി കടന്നു പോക". എന്നുപദേശിക്കുന്ന സദൃശ്യ വാക്യങ്ങൾ എപ്പോഴും നാം ശ്രദ്ധയിൽ വയ്ക്കണം.

ദൈവവിശ്വാസികൾ പാപമില്ലാത്തവരല്ല, കഴിയുന്നിടത്തോളം പാപത്തിൽ നിന്ന് ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുന്നവരാണ്. ധൈര്യമായി തീരുമാനങ്ങളെടുക്കുവാൻ കഴിവില്ലാത്തവരാണ് നമ്മിൽ പലരും. അങ്ങിനെയുള്ളവർക്ക് എപ്പോഴും നല്ലത് സദൃശ്യവാക്യങ്ങളുടെ എഴുത്തുകാരൻ പറഞ്ഞതു പോലെ ദുഷ്ടന്മാരുടെ പാതയിൽ ചെല്ലാതെ കുഴിമുയലിനെപ്പോലെ ഓടിമാറുകയാണ്. ■

## ഇടയ ലേഖനം

# പുനർ-ഉത്ഥാനം

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ദൈവകല്പന ലംഘിച്ചതിനാൽ മനുഷ്യനും അതോടൊപ്പം മറ്റു ജീവജാലങ്ങളും "വീണു" പോയി എന്നാണ് വേദവ്യാഖ്യാനം. ഉയർന്ന സ്ഥിതിയിൽ നിന്ന് താഴ്ന്നതും അധമവുമായ നിലയിലേക്കുള്ള പതനമാണ് 'വീഴ്ച്ച' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 'കൂനും', 'തളർവാതവും', 'കുഷ്ഠരോഗ'വുമൊക്കെ ഈ വീഴ്ചയുടെ തലങ്ങളായി കരുതാം. "കൈക്ക് പിടിച്ച് എഴുന്നേൽപ്പിക്കുന്നത്" വീഴ്ചയിൽ നിന്നുള്ള മോചനമാണ്. കർത്താവിന്റെ ജീവിച്ചെഴുന്നേൽപ്പിനെ "ഉയിർത്തെഴുന്നേൽപ്പ്" അഥവാ "പുനരുത്ഥാനമെന്നും" വിശേഷിപ്പിച്ചിരിക്കുന്നു. സാമാന്യമായി ഒരു മൃതദേഹം വീണുകിടക്കുന്ന രൂപത്തിലാണ് കാണപ്പെടുന്നത്. മരണം നീങ്ങുമ്പോൾ എഴുന്നേറ്റു നിൽക്കാറാവുന്നു, കർത്താവ് മരണത്തെ തോൽപ്പിച്ച് എഴുന്നേറ്റു നിന്ന മഹാ ദിനമാണ് ഈസ്റ്റർ. അക്കാരണത്താൽ ഉയിർപ്പു പെരുന്നാൾ മുതൽ പെന്തിക്കൊസ്തിപ്പെരുന്നാൾ വരെ പ്രാർത്ഥനകളിൽ സാഷ്ടാംഗ പ്രണാമം നടത്തുന്നില്ല. നിലത്തു കുമ്പിടുമ്പോൾ പതനാവസ്ഥയെയും, എഴുന്നേറ്റു കുരിശു വരയ്ക്കുമ്പോൾ 'ഉത്ഥാന'ത്തെയും സൂചിപ്പിക്കുന്നു.

ക്രൈസ്തവലോകത്തെ ഏറ്റം വലിയ തിരുവുത്സവമായ 'കൃംതാ'യ്ക്കുള്ള ധ്യാനാത്മകമായ ഒരുക്കമാണ് ഏഴാഴ്ചവട്ടങ്ങൾ നീളുന്ന വലിയ നോമ്പ്. ഈ സുകൃതാഭ്യാസത്തിൽ ആത്മാവും മനസ്സും ശരീരവും ഒരുപോലെ പങ്കാളികളാകേണ്ടതാണ്. അധർമ്മം ചെയ്യുന്നവർ താഴേക്കു നിപതിച്ചു കൊണ്ടിരിക്കുന്നു; ഉന്നതനിൽ നിന്നും ഉന്നതിയിൽ നിന്നും വേർപെടുന്നു എന്നു സാരം. എഴുന്നേറ്റു നിൽക്കുന്നയാളിന് ജീവനുണ്ട്, ചുറ്റുപാടുകളെ നോക്കിക്കാണാനും, വിവേചിക്കാനും സാധിക്കുന്നു. പാപത്തിലും അധർമ്മത്തിലും നിപതിച്ച് നാശപാത്രമായിരുന്ന മനുഷ്യജാതിയെ, കർത്താവേശുമശിഹാ, തന്റെ ജീവിച്ചെഴുന്നേൽപ്പുമൂലം, "വീഴ്ച"യിൽ നിന്നും എഴുന്നേൽപ്പിച്ചു എന്ന സുവിശേഷം ഈസ്റ്റർ നമുക്കു നൽകുന്നു.

എഴുന്നേറ്റു നിൽക്കുന്നവർ വീണ്ടും വീഴാതിരിക്കാത്തവണ്ണം ജാഗരൂകരായിരിക്കണം. മനുഷ്യനെ വീണ്ടും വീഴ്ത്താൻ, ആകർഷകമായ പ്രലോഭനങ്ങളുമായി സാത്താൻ ചുറ്റിക്കറങ്ങുന്നു. ഈയാംപാറ്റകൾ വിളക്കിന്റെ ജ്വാലയിലേക്കു വീഴുന്നതു പോലെയാണത്. വീഴ്ചയിൽ നിന്നും നമ്മെ എഴുന്നേൽപ്പിച്ച കർത്താവിനു നന്ദി പറയാം. ഈ വിജയത്തിന് അദ്ദേഹം നൽകിയ വില വളരെ വലുതായിരുന്നു, സ്വന്തജീവൻ തന്നെയായിരുന്നു മറുവില.

ഇതിന് മറ്റൊരു വശം കൂടിയുണ്ട്. വിവിധ സാഹചര്യങ്ങളാൽ വീണുകിടക്കുന്ന മനുഷ്യർ നമുക്ക് ചുറ്റുപാടുമുണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ യേശുവിനെപ്പോലെ കുരിശു ചുമക്കുന്നവരുമുണ്ട്. ഇത്തരം പതിതരെ, കൈയ്ക്കു പിടിച്ച് എഴുന്നേൽപ്പിക്കുക എന്നത് നമ്മുടെ ചുമതലയാണ്. "നീയും പോയി അപ്രകാരം ചെയ്യുക" എന്ന കല്പന ഇവിടെ ഏറെ അർത്ഥവത്തായിക്കാണാം.

ഇത്ര വലിയ രക്ഷ നമുക്കു വേണ്ടി നേടി, സൗജന്യമായി അവിടുന്ന് നമ്മെ "ഉത്ഥാനത്തിലേക്കു" ക്ഷണിക്കുന്നു. അവിടുത്തോട് നമ്മൾ നന്ദിയുള്ളവരാകേണ്ടേ? എങ്ങിനെയാണ് ആ നന്ദി നാം പ്രകടിപ്പിക്കുക? അവിടുത്തെ പേരിൽ നിസ്സഹായർക്കും ദരിദ്രർക്കും അവഗണിക്കപ്പെടുന്നവർക്കും വേണ്ടി ചെയ്യുന്ന സേവനങ്ങളാണ് അതിൽ പ്രധാനപ്പെട്ടത്. അതോടൊപ്പം ലോകത്താലുള്ള കളങ്കമേൽക്കാതെ ജീവിക്കുന്നു.

ലോകത്ത്, ലൗകീകതയുടെ മുമ്പിൽ നാം നിർവീര്യരും പരാജിതരുമാകുമ്പോൾ, അവിടുന്ന് പ്രഖ്യാപിക്കുന്നു: "കണ്ടാലും, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." കൂടാതെ ആ വിജയം നമുക്കും സൗജന്യമായി നൽകിയിരിക്കുന്നു.

വീഴ്ചയിൽ നിന്നും തന്റെ പീഡാനുഭവത്താലും മരണത്താലും നമ്മെ എഴുന്നേൽപ്പിച്ച കർത്താവിന് ആത്മാർത്ഥമായി നന്ദി പറയാം. ■

## വികാരിയുടെ കത്ത്

# പുനരുത്ഥാനത്തിന്റെ ശക്തി



Prof. Fr. O.J. Jacob

**യേ**ശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരുടെ വീക്ഷണത്തിലും, പ്രവർത്തനരീതിയിലും മാറ്റങ്ങളുണ്ടായി. സാധാരണക്കാരെങ്കിലും സാമാന്യജനത്തിന്റെ ജീവിതദർശനത്തിൽ സമഗ്രമായ പരിവർത്തനമുണ്ടാക്കിക്കൊണ്ട്, അവർ ലോകത്തെ കീഴ്മേൽ മറിക്കുന്നവർ എന്ന തലത്തിലേക്ക് മാറിക്കഴിഞ്ഞിരുന്നു. അനേകായിരങ്ങളുടെ ജീവിതദർശനത്തിൽ തന്മൂലം സമൂലമായ പരിവർത്തനമുണ്ടായി. അതിനുമുമ്പൊരിക്കലും കാണാത്ത വിധത്തിലുള്ള ഒരു പ്രതിഭാസമായിരുന്നു അത്. അതിനു കേന്ദ്രബിന്ദുവായി പ്രവർത്തിച്ചത് ശിഷ്യഗണമായിരുന്നു. അവർ സ്വന്തകണ്ണുകൊണ്ടു കണ്ടതും, നോക്കിയതും, കൈതൊട്ടതുമായ ജീവന്റെ വചനമായ യേശുക്രിസ്തുവിനെ സംബന്ധിച്ചാണ് സാക്ഷ്യം നൽകിയത്. ജീവാന്ത്യം വരെ ക്രിസ്തുവിനു വേണ്ടി ജീവിക്കുവാനും അതിനിടയിൽ എന്തെല്ലാം പ്രതിബന്ധങ്ങളും പീഢനങ്ങളുണ്ടായാലും അവയെ അതിജീവിക്കുവാനുമുള്ള ശക്തിയും ആത്മബലവും അവർക്ക് നൽകിയത് യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നുള്ള അനിഷേധ്യമായ വിശ്വാസമായിരുന്നു. ആ വിശ്വാസ സ്ഥിരത ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്നു. അതുകൊണ്ടാണല്ലൊ പീഢനം സഹിച്ചും അവർ യേശുവിനെ അനുഗമിച്ചത്. പക്ഷെ അതുപോലുള്ള ഒരു വിശ്വാസം ഇന്ന് നമുക്കുണ്ടോ?

യേശുവിന്റെ ക്രൂശിലെ അതിദാരുണമായ മരണത്തോടുകൂടി നിരാശയും ഭയവുമാണ് ശിഷ്യന്മാരെ ഭരിച്ച ചിന്ത. ഇന്ന് നാം ചെയ്യുന്ന കാര്യങ്ങൾ പരാജയമടഞ്ഞാൽ എന്തായിരിക്കും ഫലം എന്നു നാം ഭയപ്പെടുന്നു. അനുദിനജീവിതത്തിൽ നിന്നും നാം ദൈവത്തെ മാറ്റി നിർത്തുന്നു. പരാജയം, രോഗം, ഏകാന്തത, സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇങ്ങിനെയുള്ള നൂറുകൂട്ടം കാര്യങ്ങളെക്കുറിച്ചും നാം ആശങ്കയോടെ ചിന്തിച്ചുകൊണ്ടിരിക്കും. ചില ആളുകളുണ്ട് അദ്ധ്യാത്മിക ജീവിതത്തെകുറിച്ചു തന്നെ ഭയമാണ്. വളരെ നല്ല ആശയങ്ങളും ആഗ്രഹങ്ങളും അവർക്കുണ്ട്. പക്ഷെ അതൊന്നും പ്രാവർത്തികമാക്കുവാൻ സാധിക്കുന്നില്ല. ഇന്നത്തെ സാമൂഹ്യവും, സാമുദായികവുമായ ചുറ്റുപാടുകൾ അദ്ധ്യാത്മിക ജീവിതത്തെ സഹായിക്കുന്നവയല്ല. കാണുന്നതും, കേൾക്കുന്നതും, വായിക്കുന്നതുമായ എന്തും ദോഷത്തിലേക്ക് നയിക്കുന്നവയാണ്. അതുകൊണ്ട് തെറ്റിപ്പോകുന്നു. ഇതിൽ ഭയം പൂണ്ട് നിരാശപ്പെടുന്നവരുമുണ്ട്.

ശിഷ്യന്മാരുടെ ഭയാശങ്കകൾ ദൂരീകരിച്ച് അവരെ ധൈര്യചിത്തരാക്കിയത് യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന ബോദ്ധ്യമായിരുന്നു. വിശ്വാസം ശക്തിയെ പ്രദാനം ചെയ്യുന്നു. ഒരു വലിയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുമ്പോൾ പ്രതിബന്ധങ്ങൾ നമുക്കൊരു പ്രശ്നമാകാറില്ല. അങ്ങിനെയുള്ള ഒരു ലക്ഷ്യം വഴിയും, സത്യവും, ജീവനും, സ്നേഹവും, കരുണയും എല്ലാമാകുന്ന ഉത്ഥിതനായ യേശുക്രിസ്തുവിൽ കേന്ദ്രീകരിക്കുമ്പോൾ നിർണ്ണയിക്കപ്പെടാനാവാത്ത വിധത്തിലുള്ള ബലമാണ് അത് നൽകുന്നത്.

ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം ഇവയാണ് ഉയിർപ്പിന്റെ സന്ദേശവും, സുവിശേഷവും. മരണത്തേയും, പീഢയേയും ഭയപ്പെട്ട് ഓടി ഒളിച്ച ശിഷ്യസമൂഹത്തിനു ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സമാധാനശബ്ദവും, സാന്നിധ്യവും, സാമ്രാജ്യ ശക്തികളേയും, മരണത്തേയും അഭിമുഖീകരിക്കുവാൻ ശക്തിയും ആവേശവും പകർന്ന് ആധുനീക സഭയിൽ നിന്ന് ഭിന്നമായി അധികാരത്തിന്റെ വടിയും, മുടിയും ഇല്ലാതിരുന്ന ആദിമസഭയ്ക്ക് ലോകത്തെ കീഴ്മേൽ മറിക്കാൻ സാധിച്ചത് ഉയിർപ്പു പകർന്ന ഉണർവും, പരിശുദ്ധാത്മാവിന്റെ നിറവും നൽവരങ്ങളുമായിരുന്നു. ഉയിർപ്പിന്റെ സമാധാനവും സന്തോഷവും, ശക്തിയും അനുഭവിച്ചും, ഉൾക്കൊണ്ടും ഭയരഹിതരായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ■

## കുടുംബ വിശേഷങ്ങൾ

*കുഞ്ഞുങ്ങളെ...,*
*അവധിക്കാലത്ത് ധാരാളം വിനോദങ്ങൾ നിങ്ങൾക്ക് ഉണ്ടല്ലോ!*
*ഒരാഴ്ച ദൈവസന്നിധിയിലും ചെലവിടുക.*

**O V B S- അവധിക്കാല ബൈബിൾ ക്ലാസ്സുകൾ**

21.04.2014 തിങ്കൾ മുതൽ 26.04.2014 ശനി വരെ രാവിലെ 8.45 മുതൽ വൈകിട്ട് 3.30 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

### വിശേഷ ദിവസങ്ങൾ

**ഏപ്രിൽ**

| | |
|---|---|
| 5 ശനി | കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ (പാമ്പാടി ദയറ) |
| 6 ഞായർ | കുരുടനെ സൗഖ്യമാക്കിയ ഞായർ, കാതോലിക്ക ദിനം |
| 11 വെള്ളി | നാല്പതാം വെള്ളി |
| 12 ശനി | ലാസറിന്റെ ഓർമ്മ |
| 13 ഞായർ | ഓശാന (കത്തീഡ്രലിൽ 7 മണിക്ക് ആരംഭിക്കുന്ന വി. കുർബ്ബാന തുടർന്ന് കുരുത്തോല വാഴ്വിന്റെ ശുശ്രൂഷ) |
| 17 വ്യാഴം | പെസഹാ വ്യാഴാഴ്ച |
| 18 വെള്ളി | ദുഃഖ വെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച) |
| 19 ശനി | ദുഃഖ ശനിയാഴ്ച 7 മണിക്ക് എളംകുളം ചാപ്പലിൽ, 11 മണിക്ക് കത്തീഡ്രലിൽ വി. കുർബ്ബാന |
| 20 ഞായർ | ഉയിർപ്പ് ഞായറാഴ്ച (ക്യംതാ) |
| 23 ബുധൻ | വി. ഗീവർഗീസ് സഹദായുടെ ഓർമ്മ |
| 27 ഞായർ | പുതുഞായർ |

**മെയ്**

| | |
|---|---|
| 3 ശനി | മോറാൻ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മ (പാമ്പാക്കുട) |

## നിര്യാതരായി



**ക**ടവന്ത്ര, ജവഹർ നഗർ Skyline City Park- മൂക്കഞ്ചേരിൽ ശ്രീമതി **സാറാമ്മ കുര്യൻ** (90), 28.02.2014 ൽ നിര്യാതയായി. 01.03.2014 –ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

**വൈ**റ്റില, പഞ്ചവടി അപ്പാർട്ടുമെന്റിൽ ശ്രീ. **ഇ. വി. കുരുവിള** (93), 08.03.2014 – ൽ നിര്യാതനായി. 11.03.2014 – ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

**തേ**വര താനുവേലിൽ **ദീപക് കോശി ജോർജ്ജ്** (25), 09.03.2014 – ൽ നിര്യാതനായി.10.03.2014 – ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാജ്ഞലികൾ*






PARISH NEWS




**എ**റണാകുളം ഓർത്തഡോക്സ് കൺവെൻഷൻ 2014 മാർച്ച് മാസം 14 മുതൽ 16 വരെ ദിവസങ്ങളിൽ എറണാകുളം മറൈൻഡ്രൈവ് ഹെലിപ്പാഡ് മൈതാനത്ത് പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. അഭി. ഡോ. മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്ത കൺവെൻഷനിൽ ആദ്യ ദിവസം അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്, ആശംസാ സന്ദേശവും അഭി. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി ആമുഖ സന്ദേശവും നൽകി. ബഹു. ജോഷ്വാ അച്ചന്റെ സുവിശേഷ ദൂത് സഭാംഗങ്ങൾക്ക് വളരെ പ്രയോജനകരവും, ആസ്വാദ്യകരവുമായിരുന്നു.

15–ാം തീയതി രാവിലത്തെ വനിതാ സമാജത്തിന്റെ സമ്മേളനത്തിൽ കുടുംബബന്ധത്തെക്കുറിച്ചുള്ള ജോസ് മഴവഞ്ചേരിയുടെ നർമ്മപ്രധാനവും കാര്യമാത്രപ്രസക്തവുമായ പ്രഭാഷണം എല്ലാവർക്കും ഇഷ്ടപ്പെട്ടു. വൈകിട്ട് ബഹു. ഒ. തോമസച്ചന്റെ സുവിശേഷ ഘോഷണമായിരുന്നു. 16–ാം തീയതി ഞായറാഴ്ച രാവിലെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ നമ്മുടെ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി യുവജനങ്ങൾക്കിടയിലെ ഡിസിപ്ലിനെക്കുറിച്ച് സംസാരിച്ചത് ഇന്നത്തെ കാലഘട്ടത്തിൽ അർത്ഥവത്തായി. വൈകിട്ട് ബഹു. വറുഗീസ് വറുഗീസ് അച്ചന്റെ സുവിശേഷപ്രസംഗമായിരുന്നു. ഗായകസംഘം ഇഷ്ടഗാനങ്ങളിലൂടെ സമ്മേളനപ്പന്തലിലുണ്ടാക്കിയ തരംഗം എല്ലാ ദിവസത്തെയും സുവിശേഷ യോഗങ്ങൾക്ക് കൊഴുപ്പേകിയിരുന്നു. ലോകസമാധാനത്തിനു വേണ്ടി അഭി. ഐറേനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ വിശ്വാസികൾ എല്ലാവരും മെഴുകുതിരികൾ തെളിയിച്ച് പ്രാർത്ഥിച്ചു.












**അഭിനന്ദനങ്ങൾ**

*നമ്മുടെ ഇടവകാംഗം*
***ശ്രീ. ഷാജി പി. ചാലി***
*കേരള ഹൈകോർട്ട് അഡ്വക്കേറ്റ്സ് അസോസിയേഷന്റെ പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു.*



## വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :**

16.04.2014 പെസഹാ ശുശ്രൂഷ,
ബുധൻ രാത്രി 10 മണി മുതൽ 2 മണി വരെ.
19.04.2014 ദുഃഖ ശനിയാഴ്ച വി. കുർബ്ബാന രാവിലെ 7 മണിക്ക്
27.04.2014 ഞായർ, വി. കുർബ്ബാന രാവിലെ 7 മണിക്ക്
04.05.2014 ഞായർ, വി. കുർബ്ബാന രാവിലെ 10.30 ന്

**സെമിത്തേരിമുക്ക് ചാപ്പൽ :**

04.05.2014 ഞായർ, വി. കുർബ്ബാന രാവിലെ 7.30 ന്

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m